**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷമുള്ള ഗതാഗത നിയമ ലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം ഗതാഗത നിയമ ലംഘനങ്ങൾക്ക് എടുത്ത കേസുകൾ, ഈടാക്കിയ പിഴ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എ.ഐ.ക്യാമറകൾ സ്ഥാപിച്ചതിനു ശേഷം 31/08/2023 വരെ ഗതാഗത നിയമ ലംഘനങ്ങൾക്കെതിരെ 861069 കേസുകൾ തയ്യാറാക്കുകയും 69545750/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എ.ഐ. ക്യാമറ സ്ഥാപിച്ച ശേഷം വാഹനാപകടങ്ങൾ മുൻകാലത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ടോ; എ.ഐ. ക്യാമറ സ്ഥാപിച്ചതിന് മുമ്പും ശേഷവും അപകടത്തിൽ പരിക്കേറ്റവരുടെ എണ്ണം, മരണപ്പെട്ടവരുടെ എണ്ണം എന്നിവയിൽ വന്ന വ്യത്യാസം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | എ.ഐ ക്യാമറകൾ സ്ഥാപിച്ച ശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടുള്ളത്. ഇതു പ്രകാരം 2023 ആഗസ്റ്റ് മാസവും, 2022 ആഗസ്റ്റ് മാസവും തമ്മിലുള്ള അപകടങ്ങളുടെയും, മരണങ്ങളുടെയും, പരിക്കുകളുടെയും താരതമ്യം ചുവടെ ചേർക്കുന്നു. |

| | അപകടം | മരണം | പരിക്ക് |
|---|---|---|---|
| 2022 ആഗസ്റ്റ് | 3366 | 307 | 4040 |
| 2023 ആഗസ്റ്റ് | 1065 | 58 | 1197 |

| | | | |
|---|---|---|---|
| (സി) | എ.ഐ. ക്യാമറ പരിപാലനവുമായി ബന്ധപ്പെട്ട കരാറിന് അന്തിമ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വകുപ്പ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | എ.ഐ ക്യാമറ പരിപാലനവുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പും കെൽട്രോണും തമ്മിലുള്ള സമഗ്രമായ കരാർ ഒപ്പ് വയ്ക്കുന്നത് അന്തിമ ഘട്ടത്തിലാണ്. ആദ്യ കരാറിൽ നിലവിലുണ്ടായിരുന്ന 5 വർഷ പരിപാലന കാലാവധി 10 വർഷമായി നീട്ടാനും, ക്യാമറ സംവിധാനങ്ങൾ പ്രവർത്തിക്കാതിരുന്നാൽ ഈടാക്കുന്ന ഡൗൺ ടൈം പെനാൽറ്റി കൂട്ടാനും സമഗ്രമായ കരാറിന്റെ കരടിൽ ധാരണയായിട്ടുണ്ട്. |
| (ഡി) | എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിനെതിരെ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായ വിമർശനങ്ങളും പ്രതിഷേധങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം ഗതാഗത ലംഘനങ്ങൾ, വാഹനാപകടങ്ങൾ, അതിൽ | (ഡി) | എ.ഐ.ക്യാമറ പദ്ധതി പ്രവർത്തനക്ഷമമായപ്പോൾ ചില വിമർശനങ്ങളും പ്രതിഷേധങ്ങളും ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന വാഹന പരിശോധന ഒഴിവാകുന്നതിനാൽ ഈ പദ്ധതിയ്ക്ക് ജനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | പരിക്കേറ്റവർ/മരണപ്പെട്ടവർ എന്നിവയുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ഇത്തരം പ്രതിഷേധങ്ങളെ എങ്ങിനെയാണ് നേരിടുന്നതെന്ന് വിശദമാക്കാമോ? | | അഭിനന്ദനവും ലഭിച്ചിട്ടുണ്ട്. എ.ഐ. ക്യാമറകൾ സ്ഥാപിച്ചതുമൂലം റോഡ് അപകടങ്ങളിലും, മറ്റും ഉണ്ടായിട്ടുള്ള കുറവ്, കണക്കുകളുടെ അടിസ്ഥാനത്തിൽ പൊതു സമൂഹത്തെ ബോധ്യപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ